"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പൊതുവിദ്യാഭ്യാസ വകുപ്പ് - ജീവനക്കാര്യം - വയ്യാറ്റുപ്പുഴ വി.കെ.എൻ.എം.വി.എച്ച്.എസ്.എസ്.ലെ ഓഫീസ് അറ്റൻഡന്റ് ആയ ശ്രീ അഭിജിത്ത് ഫയൽ ചെയ്ത 39686/2025 നമ്പർ റിട്ട് പെറ്റീഷനിൽ 27.10.2025 തീയതി ബഹു. കേരള ഹൈക്കോടതി പുറപ്പെടുവിച്ച വിധിന്യായം പാലിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുവിദ്യാഭ്യാസ (എസ്) വകുപ്പ്**

സ.ഉ.(സാധാ) നം.1551/2026/GEDN തീയതി,തിരുവനന്തപുരം, 23-02-2026

---

പരാമർശം:-
1. റിട്ട് ഹർജി നം. 39686/2025 നമ്പർ റിട്ട് പെറ്റീഷനിൽ 27.10.2025 തീയതി ബഹു. കേരള ഹൈക്കോടതി പുറപ്പെടുവിച്ച വിധിന്യായം.
2. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 20.11.2025 തീയതിയിലെ DGE/23352/2025-ET3 നമ്പർ റിപ്പോർട്ട്.

**ഉത്തരവ്**

വയ്യാറ്റുപ്പുഴ വി.കെ.എൻ.എം. വൊക്കേഷണൽ ഹയർ സെക്കൻഡറി സ്കൂളിലെ ശ്രീ അഭിജിത്ത് ഫയൽ ചെയ്ത 39686/2025 നമ്പർ റിട്ട് പെറ്റീഷനിൽ 27.10.2025-ലെ പരാമർശം 1 വിധിന്യായ പ്രകാരം, Ext. P6 റിവിഷൻ പെറ്റീഷൻ പരിശോധിച്ച്, പെറ്റീഷണർക്കും 4,5 എതിർ കക്ഷികൾക്കും ഹിയറിംഗിനുള്ള അവസരം നൽകി മൂന്ന് മാസത്തിനുള്ളിൽ തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നതിന് സർക്കാരിന് നിർദ്ദേശം നൽകിയിരുന്നു.

2. സർക്കാർ ഈ വിഷയം 30.06.2025 ൽ നേരിൽ കേട്ടു.

3. വയ്യാറ്റുപ്പുഴ വി.കെ.എൻ.എം.വി.എച്ച്.എസ്.എസ്.ലെ ഓഫീസ് അറ്റൻഡന്റ് ആയ ശ്രീ അഭിജിത്ത് -ന്റെ 01.02.2022 മുതലുള്ള നിയമനം എഫ്.റ്റി.എം തസ്തികയിൽ അംഗീകരിച്ചു നൽകണമെന്നാവശ്യപ്പെട്ടാണ് ടിയാൻ അപേക്ഷ സമർപ്പിച്ചിരുന്നത്.

4. പൊതു വിദ്യാഭ്യാസ ഡയറക്ടർ പരാമർശം 2 പ്രകാരം റിപ്പോർട്ട് സമർപ്പിച്ചു. വയ്യാറ്റുപ്പുഴ വി.കെ.എൻ.എം.വി.എച്ച്.എസ്.എസ്.ലെ ഓഫീസ് അറ്റൻഡന്റ് ശ്രീ പ്രസാദ് എൻ.ബി 31/01/2021 തീയതിയിൽ സേവനത്തിൽ നിന്നും വിരമിച്ച ഒഴിവിലേക്ക് മാനേജർ ശ്രീ അഭിജിത്തിനെ 01/02/2022 മുതൽ നിയമിച്ചു. ടി സ്കൂളിൽ മാനേജ്മെന്റ് സംബന്ധിച്ച് തർക്കം തുടർന്നിരുന്നതിനാലും നിയമന സമയം ഭിന്നശേഷി നിയമനം മൂലം നിയമന തടസ്സം ഉണ്ടായിരുന്നതിനാൽ പ്രസ്തുത നിയമനം പത്തനംതിട്ട ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ കാര്യാലയത്തിൽ നിന്നും നിരസിച്ചു.

ഇതിനെതിരെ ബഹു. ഹൈക്കോടതിയിൽ 3368/2024 നം. റിട്ട് പെറ്റീഷൻ ഫയൽ ചെയ്യുകയും ആയതിന്മേൽ ടി നിയമനം പുനഃപരിശോധിക്കാൻ ഉത്തരവാകുകയും ചെയ്തു. ഇത് പ്രകാരം ജില്ലാ വിദ്യാഭ്യാസ ഓഫീസർ നിയമനം പുനഃപരിശോധിച്ചു. ടി സ്കൂളിൽ 01/06/2020 മുതൽ അംഗീകൃത സേവനം ഉണ്ടായിരുന്ന ശ്രീ രതീഷ് റ്റി. നായർ ഓഫീസ് അറ്റൻഡന്റ് തസ്തികയിലേക്കുള്ള ചട്ടം 43 അവകാശിയായി നിലനിന്നിരുന്നതിനാലും, കൂടാതെ ടിയാന്റെ പരിത്യാഗപത്രം സമർപ്പിക്കാത്തതിനാലും, ശ്രീ അഭിജിത്തിനെ എഫ്.റ്റി.എം തസ്തികയിലേക്ക് പുന:ക്രമീകരിച്ച് ഉത്തരവ് ലഭ്യമാക്കുകയും ചെയ്ത സാഹചര്യത്തിലാണ് പത്തനംതിട്ട ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ കാര്യാലയത്തിൽ നിന്നും ടി നിയമനം നിരസിച്ച് ഉത്തരവായത്.

സ്റ്റാറ്റ്യൂട്ടറി അവകാശിയായ ശ്രീ രതീഷ് റ്റി. നായരുടെ പരാതി പരിഗണിച്ച് എഫ്.റ്റി.എം/ഓഫീസ് അറ്റൻഡന്റ് തസ്തികയിലെ ശമ്പള സ്കെയിലുകൾ സമാനമായതിനാലും ശ്രീ അഭിജിത്ത് 01/02/2022 മുതൽ ഓഫീസ് അറ്റൻഡന്റ് തസ്തികയിൽ സേവനമനുഷ്ഠിച്ചു വരുന്നതിനാലും ശ്രീ അഭിജിത്തിന്റെ 01/02/2022 മുതലുള്ള ഓഫീസ് അറ്റൻഡന്റ് തസ്തികയിലെ ലാവണം മുൻകാല പ്രാബല്യത്തിൽ എഫ്.റ്റി.എം തസ്തികയിലേക്ക് മാറ്റി ക്രമീകരിച്ചും ശ്രീ രതീഷ് റ്റി. നായരുടെ എഫ്.റ്റി.എം തസ്തികയിലെ 01/02/2022 മുതലുള്ള ലാവണം മുൻകാല പ്രാബല്യത്തിൽ ഓഫീസ് അറ്റൻഡന്റ് തസ്തികയിലേക്ക് മാറ്റി ക്രമീകരിച്ചും മാനേജർ ഉത്തരവ് സമർപ്പിച്ചിട്ടുണ്ട്. ആയതിനാൽ മാനേജർ പുറപ്പെടുവിച്ചിരിക്കുന്ന ലാവണ ക്രമീകരണത്തിന്റെ അടിസ്ഥാനത്തിൽ ശ്രീ. അഭിജിത്തിന്റെ എഫ്.റ്റി.എം തസ്തികയിലെ നിയമനം പരിഗണിക്കാവുന്നതാണെന്ന് ജില്ലാ വിദ്യാഭ്യാസ ഓഫീസർ റിപ്പോർട്ട് ചെയ്തിട്ടുണ്ട് എന്ന് പൊതു വിദ്യാഭ്യാസ ഡയറക്ടർ പരാമർശം 2 പ്രകാരം അറിയിച്ചിട്ടുണ്ട്.

5. സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ശ്രീ അഭിജിത്ത് -ന്റെ 01.02.2022 മുതലുള്ള നിയമനം എഫ്.റ്റി.എം തസ്തികയിൽ മറ്റു വിധത്തിൽ ക്രമപ്രകാരമെങ്കിൽ അംഗീകരിക്കുന്നതിന് പത്തനംതിട്ട ജില്ലാ വിദ്യാഭ്യാസ ഓഫീസർക്ക് നിർദ്ദേശം നൽകി അപ്രകാരം ശ്രീ അഭിജിത്ത് ഫയൽ ചെയ്ത 39686/2025 നമ്പർ റിട്ട് പെറ്റീഷനിൽ 27.10.2025 ലെ വിധിന്യായം പാലിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
SUNITHA S GEORGE
അണ്ടർ സെക്രട്ടറി

അഡ്വക്കേറ്റ് ജനറൽ, കേരള, എറണാകുളം (അറിവിലേക്കായി)
ശ്രീ അഭിജിത്ത്, ഓഫീസ് അറ്റൻഡന്റ്, വി.കെ.എൻ.എം. വൊക്കേഷണൽ ഹയർ സെക്കൻഡറി സ്കൂൾ, വയ്യാറ്റുപുഴ, പത്തനംതിട്ട -689 663.
പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം
ജില്ലാ വിദ്യാഭ്യാസ ഓഫീസർ, പത്തനംതിട്ട
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്)/(എ&ഇ), കേരള, തിരുവനന്തപുരം

വിവര പൊതുജനസമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Resmi Babu
Date: 23-02-2026 12:20:01

സെക്ഷൻ ഓഫീസർ

പകർപ്പ്:

ബഹു. പൊതുവിദ്യാഭ്യാസവും തൊഴിലും വകുപ്പ് മന്ത്രിയുടെ പി.എസ്.ന്. പൊതുവിദ്യാഭ്യാസ സെക്രട്ടറിയുടെ സി.എ.യ്ക്ക്.